(ബി) ഇവയുടെ ഓരോന്നിന്റെയും എത്ര കോപ്പി വീതം അച്ചടിച്ചു ;

(സി) ഇതിന് എത്ര കടലാസ് ആവശ്യമായി വന്നു ;

(ഡി) ഇവ അച്ചടിച്ചതിന് കടലാസ് വില, അച്ചടിക്കൂലി മറ്റു ഓവർഹെഡ് ചെലവുകൾ എന്നീ ഓരോയിനത്തിലും എന്തു തുക ചെലവായി ;

(ഇ) ഇവ എവിടെയാണ് അച്ചടിച്ചത് ;

(എഫ്) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിൽ ചിലവ ഒന്നിച്ചുചേർത്ത് മറ്റൊരു പ്രസിദ്ധീകരണം ഉണ്ടാക്കിയിട്ടുണ്ടോ ?

(ജി) എങ്കിൽ ഏതെല്ലാം പ്രസിദ്ധീകരണങ്ങൾ ചേർത്താണ് ഇത് ഉണ്ടാക്കിയത്. ഇതിന്റെ എത്രകോപ്പി പുറപ്പെടുവിച്ചു ; ഇതിനു എന്തു ചെലവു വന്നു ?

ഉത്തരം

(എ & ബി) പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) ഇതിനുമാത്രമായി വേണ്ടി വന്ന കടലാസിന്റെ വിവരം തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും അർദ്ധസർക്കാർ സ്ഥാപനമായ ആഡിയോവിഷ്വൽ ആന്റ് റിപ്പോഗ്രാഫിക് സെന്ററിലും.

(എഫ്) ഉണ്ട്. പ്രധാനവകുപ്പുകളുടെ നേട്ടങ്ങളുടെയും പരിപാടികളുടെയും സംഗ്രഹം ഒറ്റ പുസ്തകത്തിൽ ഇറക്കിയിട്ടുണ്ട്.

(ജി) പ്രധാന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള 25 പുസ്തങ്ങൾ ചേർത്ത് " നിറവിന്റെ നാലു വർഷം" എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 50,000 കോപ്പികൾ അച്ചടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ കിട്ടിയിട്ടില്ലാത്തതിനാൽ ചെലവ് ലഭ്യമല്ല.

ഗവൺമെന്റ് നല്കിയ പരസ്യങ്ങൾ

24 (24) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഒട്ടാകെ എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നല്കിയിട്ടുണ്ട് ;

(ബി) ഈ പരസ്യങ്ങൾ നല്കിയത് ഏതെങ്കിലും പരസ്യകമ്പനികളോ ഏജൻസികളോ വഴിയാണോ എന്ന് വ്യക്തമാക്കുമോ ;

(സി) ആണെങ്കിൽ ഏതെല്ലാം പരസ്യകമ്പനികളോ, ഏജൻസികളോ വഴിയാണ് പരസ്യം നല്കിയതെന്നും ഓരോ പരസ്യ കമ്പനിയുടെയോ ഏജൻസികളുടെയോ ഉടമകൾ ആരെന്നു വെളിപ്പെടുത്തുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ പരസ്യകമ്പനിക്കും ഏജൻസിക്കും എന്തു തുക വീതം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക വീതം നല്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.ആർ.ഡി. ഇതുവരെ ഏകദേശം 2,56,08,318 രൂപയുടെ (രണ്ടു കോടി അമ്പത്തിയാറു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി പതിനെട്ട്) പ്രചാരണ പരസ്യവും 15,33,33,48 രൂപയുടെ ടെൻഡർ പോലുള്ള നിയമാനുസൃത പരസ്യവും നല്കിയിട്ടുണ്ട്.

(ബി) അല്ല. പി.ആർ.ഡി. കൊടുക്കുന്ന പരസ്യങ്ങൾ പി.ആർ.ഡി.തന്നെയാണ് നേരിട്ട് കൊടുക്കുന്നത്.

(സി) ഉദിക്കുന്നില്ല.

(ഡി) പി.ആർ.ഡി. ഏജൻസി വഴി പരസ്യം നല്കിയിട്ടില്ല. അതിനായി രൂപയും കൊടുത്തിട്ടില്ല. പത്രമാധ്യമങ്ങൾക്ക് ടെൻഡർ പോലുള്ള നിയമാനുസൃത പരസ്യമിനത്തിൽ ഏകദേശം 11,54,83,795 (പതിനൊന്നുകോടി അൻപത്തിനാലു ലക്ഷത്തി എൺപത്തി മൂവായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപയും പ്രചാരണ പരസ്യമിനത്തിൽ 1,46,69,158 രൂപ (ഒരു കോടി നാല്പത്തിയാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഒരുന്നൂറ്റി അൻപത്തിയെട്ട്) രൂപയും നല്കിയിട്ടുണ്ട്. ഓരോപത്ര മാധ്യമത്തിനും ഈയിനത്തിൽ നല്കിയ തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സെൻസസ് പ്രവർത്തനം

25 (25) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ സെൻസസ് പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) സെൻസസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്നാംഘട്ടമായ വീടുകളുടെ കണക്കെടുക്കുന്ന ജോലി തീരാറായി.

(ബി) വീടുകളുടെ കണക്കെടുപ്പു ജോലി നടന്നു വരികയാണ്. പ്രിൻസിപ്പൽ സെൻസസ് ആഫീസർമാരോട് 19-6-2000-നു മുമ്പായി എല്ലാ വിവരങ്ങളും സെൻസസ് ഡയറക്ടർക്ക് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly